ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനു ശേഷം അനുവദിക്കുന്നുവെങ്കിൽ എനിക്ക് ബില്ലിനെപ്പററി പറയാനുണ്ട്. ഞാൻ ബില്ലിൻെറ ഉള്ളടക്കത്തിലേയ്ക്ക് കടന്നില്ല എന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട ശിവദാസമേനോന് കാണുന്നതിനും കേൾക്കുന്നതിനും മനസ്സിലാക്കുന്നതിനും വളരെ തിമിരം വന്നിരിക്കുന്നു.

## III. റൂളിംഗ്

### സംവരണ ബില്ലിൻെറ വിഷയത്തിൻമേൽ സഭയ്ക്ക് നിയമനിർമ്മാണാധികാരമില്ലെന്ന ക്രമപ്രശ്നം സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ, ഓർഡർ, സംവരണത്തെ സംബന്ധിക്കുന്ന ഈ ബില്ലിലെ വ്യവസ്ഥകൾ കേന്ദ്രഗവൺമെൻറ് തൽസംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിലെ വ്യവസ്ഥകളിൽനിന്ന് വ്യത്യസ്തമാകയാൽ ഈ ബിൽ പാസ്സാക്കുന്നപക്ഷം അത് രാഷ്ട്രപതിയുടെ അനുമതിക്ക് സമർപ്പിക്കണമെന്നും അതുകൊണ്ട് ബില്ലിന് പ്രസിഡൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരമോ കേന്ദ്രഗവൺമെൻറിൻെറ കൺകറൻസോ വാങ്ങണമെന്നും അപ്രകാരം ചെയ്യാത്തതിനാൽ ബിൽ അവതരിപ്പിക്കുന്നത് ക്രമാനുസൃതമല്ലെന്നുമാണ് ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യം. ആർട്ടിക്കിൾ 246 പ്രകാരം ഇത്തരമൊരു നിയമനിർമ്മാണം സംസ്ഥാന നിയമസഭയുടെമാത്രം അധികാരപരിധിയിൽപ്പെട്ട വിഷയമാണ് എന്ന കാര്യത്തിൽ തർക്കത്തിന് അവകാശമില്ല. എന്നാൽ നിയമനിർമ്മാണത്തിൻെറ നടപടിക്രമങ്ങൾക്ക് ആധാരമായിട്ടുള്ളത് ഭരണഘടനയിലേയും സഭാചട്ടങ്ങളിലേയും വ്യവസ്ഥകളാണ്. ഭരണഘടനയിലെ 304-ാം അനുച്ഛേദത്തിൻെറ (ബി) ഖണ്ഡത്തിൻെറ പ്രൊവൈസോ അനുസരിച്ച് വാണിജ്യ-വ്യാപാര സ്വാതന്ത്ര്യത്തിന് ന്യായയുക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി അവതരിപ്പിക്കുന്ന ബില്ലിനു മാത്രമേ രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അംഗീകാരം വാങ്ങേണ്ടതുള്ളൂ. മററ് ഏതു് വിഷയത്തെപ്പററിയുള്ള നിയമനിർമ്മാണത്തിനും രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അംഗീകാരം വാങ്ങേണ്ട ആവശ്യമില്ല. രാഷ്ട്രപതിയുടെ അനുമതിക്കായി സമർപ്പിക്കപ്പെടുന്ന ബില്ലുകൾ അതിനുശേഷം ബന്ധപ്പെട്ട കേന്ദ്ര ഡിപ്പാർട്ടുമെൻറുകളുടെ പരിശോധനയ്ക്കും ക്ലീയറൻസിനുമായി അയയ്ക്കുന്ന പക്ഷം ഉണ്ടായേക്കാവുന്ന കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി അപ്രകാരമുള്ള ബില്ലുകൾക്ക് കാലേകൂട്ടി കേന്ദ്രഗവൺമെൻറിൻെറ കൺകറൻസ് വാങ്ങണമെന്നത് കേന്ദ്രഗവൺമെൻറ് സംസ്ഥാനങ്ങളിലെ എക്സിക്യൂട്ടീവിന് കൊടുത്തിട്ടുള്ള ഒരു നിർദ്ദേശം മാത്രമാണ്. ഇപ്രകാരം ഒരു കാര്യത്തെപ്പററി ഭരണഘടനയിലോ നിയമസഭയുടെ നടപടിച്ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടില്ല. ഇത് സംസ്ഥാന ഗവൺമെൻറിൻെറ വിവേചനപ്രകാരം അനുഷ്ഠിക്കേണ്ട ഒരു നടപടിക്രമം മാത്രമാണ്. ആയത് നാം സ്വീകരിക്കാത്തിടത്തോളം നമുക്ക് അത് ബാധകമാണ് എന്നു പറയാൻ സാദ്ധ്യമല്ല. അതുകൊണ്ട് സഭയുടെ മുൻപിലുള്ള ബില്ലിന് കേന്ദ്രഗവൺമെൻറിൻെറ കൺകറൻസ് വാങ്ങിയിട്ടുണ്ടോ എന്നത് ബില്ലിൻെറ അവതരണാനുമതിയെ അടിസ്ഥാനപരമായി ബാധിക്കുന്ന ഒരു പ്രശ്നമല്ല. ഇതിൻെറ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ബില്ലിന് പ്രസിഡൻറിന്റെ കാലേകൂട്ടിയുള്ള അംഗീകാരമോ കേന്ദ്ര ഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള കൺകറൻസോ വാങ്ങണമെന്ന വാദത്തിന് യാതൊരു നിലനിൽപ്പുമില്ല. കൂടാതെ ഈ ബിൽ 9-ാം പട്ടികയിൽപ്പെടുത്താത്തപക്ഷം രാഷ്ട്രപതിയുടെ അനുമതി വാങ്ങേണ്ട ആവശ്യംതന്നെ വരുന്നതല്ല. ആ നിലയിലും ഈ ക്രമ പ്രശ്നത്തിന് ഇപ്പോൾ നിലനിൽപ്പില്ല.

ഇന്ദിരാ സാഹ്നി കേസ്സിൽ സുപ്രീം കോടതി നൽകിയ ഡയറക്ഷനെ മറികടന്നാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതെന്നും അതിനുള്ള അധികാരം പാർലമെൻറിനു മാത്രമേയുള്ളുവെന്നും ഇക്കാര്യത്തിൽ സഭയ്ക്ക് നിയമനിർമ്മാണാധികാരമില്ലാത്തതിനാൽ ഒരു സമ്പൂർണ്ണ ചർച്ച നടത്തണമെന്നുമാണ് ഇവിടെ ഉന്നയിച്ച മറ്റൊരു പ്രശ്നം. ഇന്ദിരാ സാഹ്നി കേസ്സിൽ സംവരണ കാര്യത്തിൽ മേൽത്തട്ടിനെ ഒഴിവാക്കണമെന്ന് സുപ്രീം കോടതി നിർദ്ദേശമുണ്ടെന്ന് ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഈ ബിൽ സുപ്രീം കോടതി വിധിക്കെതിരാണോ എന്നറിയണമെങ്കിൽ ബില്ലിലെ വ്യവസ്ഥകളെ അവധാനപൂർവ്വം പരിശോധിക്കേണ്ടതുണ്ട്. പ്രഥമദൃഷ്ട്യാ ഈ ബില്ലിലെ 3-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രഖ്യാപനത്തിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന അറിയപ്പെടുന്ന വസ്തുതകൾ പരിഗണിക്കുമ്പോൾ ഏതെങ്കിലും പിന്നോക്ക വിഭാഗങ്ങളിൽ മൽസരിക്കുവാൻ കഴിവുള്ള പുരോഗതി നേടിയ ആരും തന്നെ ഇല്ലെന്നാണ് പറഞ്ഞിട്ടുള്ളത്. ആർക്കെങ്കിലും സാമ്പത്തികമായി ഉണ്ടായേക്കാവുന്ന മുന്നേററംകൊണ്ട് പിന്നോക്കാവസ്ഥ തരണം ചെയ്യത്തക്ക ഘട്ടത്തിൽ എത്തിയിട്ടില്ലെന്നും ആ നിലയിൽ പിന്നോക്കക്കാരുടെയിടയിൽ വ്യവച്ഛേദിച്ചു കാണിക്കത്തക്കവിധമുള്ള മേൽത്തട്ടുക്കാരില്ലന്നുമാണ് ഈ പ്രഖ്യാപനം സൂചിപ്പിക്കുന്നത്. ഇപ്പോഴും മതിയാംവണ്ണം സർവ്വീസിൽ പ്രാതിനിദ്ധ്യം ലഭിക്കാത്ത പിന്നോക്ക വിഭാഗക്കാർക്ക് അതിനുള്ള മൗലികാവകാശം വാഗ്ദാനം ചെയ്യുന്ന ആർട്ടിക്കിൾ 16(4) പ്രകാരം തുടർന്നും സംവരണം നൽകിക്കൊണ്ട് സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ കൂടിയാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അപ്രകാരം ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശത്തെ അക്ഷരാർത്ഥത്തിൽ അംഗീകരിച്ച് ഉയർത്തിപ്പിടിക്കുന്ന കർമ്മംകൂടി ഈ ബിൽ നിർവ്വഹിക്കുന്നുണ്ട്. കൂടാതെ കാലാകാലങ്ങളിൽ പിന്നോക്ക വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയുടെ അളവിനെപ്പററി വിലയിരുത്തി ഗവൺമെൻറിന് റിപ്പോർട്ട് നൽകാനുള്ള ചുമതല ഈ ബില്ലിൽ പിന്നോക്ക വിഭാഗ കമ്മീഷനിൽ നൽകിയിരിക്കുകയാണ്. തൻമൂലം വ്യക്തമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ മേൽനടപടി സ്വീകരിക്കാനുള്ള സൗകര്യം ഈ ബില്ലിൽ ഉറപ്പാക്കിയിട്ടുണ്ട്. ചുരുക്കത്തിൽ ഈ ബിൽ നിയമമാകുമ്പോൾ അതിന്റെ പ്രവർത്തനം അക്ഷരാർത്ഥത്തിൽ തന്നെ സുപ്രീം കോടതി വിധിയ്ക്കനുരൂപമാകുവാൻ പ്രത്യേക ശ്രദ്ധ ചെലുത്തിയതായി കാണാൻ കഴിയും. അപ്രകാരം ഇതിന്റെ വ്യവസ്ഥകൾ സുപ്രീം കോടതി ഡയറക്ഷന് പ്രഥമദൃഷ്ട്യാ എതിരല്ലെന്നും അതിന്റെ പരിധിക്കുള്ളിൽ നിൽക്കുന്നതുമാണെന്നും കാണാം. ആയതിനാൽ സുപ്രീം കോടതി വിധിയെ മറികടക്കാനുള്ള ശ്രമമാണ് ഈ ബില്ലു മുഖേന നടത്തിയിട്ടുള്ളതെന്നും അതുകൊണ്ട് ബില്ലിന്റെ വിഷയത്തിൻമേൽ നിയമനിർമ്മാണം നടത്തുന്നതിന് സഭയ്ക്ക് അധികാരമില്ലെന്നുമുള്ള വാദത്തിന് ബില്ലിലെ വ്യവസ്ഥകളുടെ വെളിച്ചത്തിൽ പ്രസക്തിയില്ലെന്ന് കാണാം. നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്ടിലും

LIBRARY ARCHIVES Kerala Legislative Assembly

കർണ്ണാടകത്തിലും ഈ ഉദ്ദേശ ലക്ഷ്യങ്ങളോടുകൂടി നിയമ നിർമ്മാണം നടത്തിയിട്ടുണ്ടെന്ന വസ്തുതകൂടി സഭയെ അനുസ്മരിപ്പിക്കുവാൻ ചെയർ ആഗ്രഹിക്കുന്നു. തമിഴ്നാട്ടിലെ നിയമം ഭരണഘടനയുടെ 9-ാം പട്ടികയിൽപ്പെടുത്തിയ വിവരവും അംഗങ്ങൾക്ക് അറിയാവുന്നതാണല്ലോ. ഈ വസ്തുതകളുടെ വെളിച്ചത്തിലും ക്രമപ്രശ്നത്തിന് നിലനിൽപ്പില്ല.

ഈ ബില്ലിന്റെ വിഷയത്തിൻമേൽ സഭയ്ക്ക് നിയമനിർമ്മാണാധികാരമില്ലെന്ന വാദം പ്രഥമദൃഷ്ട്യാ നിലനിൽക്കുന്നതാണെന്ന് ബോദ്ധ്യമുള്ള സംഗതികളിൽമാത്രം അതേപ്പററി ഒരു സമ്പൂർണ്ണ ചർച്ച അനുവദിച്ചാൽ മതിയാകുന്നതാണ്. മുൻപറഞ്ഞ കാര്യങ്ങളുടെ വെളിച്ചത്തിൽ ബില്ലിന്റെ വിഷയത്തിൻമേൽ നിയമനിർമ്മാണം നടത്തുവാൻ സഭയ്ക്ക് അധികാരമില്ലെന്ന വാദം പ്രഥമദൃഷ്ട്യാ നിലനിൽക്കത്തക്കതല്ലാത്തതിനാൽ അതിനെപ്പററിയുള്ള സമ്പൂർണ്ണ ചർച്ചയുടെ ആവശ്യം ഉദിക്കുന്നില്ല.

ഈ ബിൽ പാസ്സാക്കുന്നത് കോർട്ടലക്ഷ്യമാകുമെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പ്രസക്തമായ എല്ലാ വശങ്ങളേയുംപററി കൂലങ്കഷമായി പരിശോധിച്ചശേഷമാണ് ബിൽ സഭ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. വാദത്തിനുവേണ്ടി ഈ പ്രശ്നത്തിൽ എന്തെങ്കിലും നിയമപ്രശ്നങ്ങളുണ്ടെങ്കിൽത്തന്നെ ഇക്കാര്യം പ്രഥമപടിയായി സഭയുടെ കൂട്ടായ പ്രജ്ഞയിലൂടെയും ആത്യന്തികമായി നിയമക്കോടതികളുടെ തീരുമാനമനുസരിച്ചും മാത്രമേ നിർണ്ണയിക്കാൻ കഴിയൂ. ആയതിനാൽ ഈ വാദത്തിന് ഇപ്പോൾ പ്രസക്തിയില്ല.

റിസർവേഷൻ ആനുകൂല്യങ്ങളുടെ പരിധിയിൽനിന്ന് ക്രീമിലെയറിനെ ഒഴിവാക്കണമെന്ന സുപ്രീം കോടതി വിധി, സ്റേററ് ഓഫ് കേരള ആൻറ് അനദർ വെഴ്സസ് നിസാർ അഹമ്മദ് എന്ന കേസ്സിൽ കേരള ഹൈക്കോടതി നൽകിയ വിധിയുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ സുപ്രീം കോടതി വിധിയെ അപ്പീൽ മുഖാന്തിരം ദുർബലപ്പെടുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാതെ അതിനെ നിയമനിർമ്മാണംവഴി മറികടക്കുവാൻ സാദ്ധ്യമല്ലെന്ന വാദഗതിയും ഇവിടെ ഉന്നയിക്കപ്പെട്ടു. ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം ഉപയോഗിച്ച് റൂളിൽ സർക്കാർ പൂർവ്വകാല പ്രാബല്യത്തോടുകൂടി മാററം വരുത്തിക്കൊണ്ട് കോടതി ഉത്തരവിനെ മറികടക്കാനുള്ള എക്സിക്യൂട്ടീവിന്റെ പ്രവണതയെ വിലയിരുത്തുമ്പോഴാണ് കേരള ഹൈക്കോടതി അങ്ങനെ ഒരു ഒബ്സർവേഷൻ നടത്തിയത്.

നിസാർ അഹമ്മദിന്റെ കേസിൽ കോടതിയുടെ ആദ്യവിധി വന്നപ്പോൾ ഡലിഗേററഡ് ലജിസ്ലേഷൻ മുഖേന ലഭിച്ച അധികാരം ഉപയോഗിച്ച് ഉണ്ടാക്കിയ ചട്ടങ്ങൾക്ക് പൂർവ്വകാല പ്രാബല്യത്തോടുകൂടി സമൂലമായ മാററം വരുത്തി കോടതി വിധിയെ മറികടക്കാൻ ശ്രമിച്ചതിനെയാണ് മുൻപറഞ്ഞ വിധിയിലൂടെ കേരള ഹൈക്കോടതി വിമർശിച്ചത്. ആ സന്ദർഭത്തിൽ ഈ സഭ പാസ്സാക്കിയ ഏതെങ്കിലും ലജിസ്ലേഷനെ പററിയല്ല പരാമർശിച്ചിരുന്നത്. ആയതിനാൽ ആ വിധിയിൽ പ്രയോഗിച്ചിട്ടുള്ള 'ലെജിസ്ലേഷൻ' എന്ന പദത്തിന് 'ഡെലിഗേററഡ് ലജിസ്ലേഷൻ' അഥവാ 'സബോർഡിനേററ് ലജിസ്ലേഷൻ' എന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അർത്ഥമേ നൽകാൻ കഴിയൂ. അല്ലാതെ ഒരു സഭ പാസ്സാക്കിയ 'സബ്സ്റ്റാൻറീവ് ലജിസ്ലേഷൻ' എന്നോ 'എസ്സൻഷ്യൽ ലജിസ്ലേഷൻ' എന്നോ ആ പദത്തിന് അർത്ഥം നൽകാൻ സാദ്ധ്യമല്ല.

ഡലിഗേററഡ് ലജിസ്ലേഷൻ മുഖേന കിട്ടുന്ന അധികാരത്തിൻെറ വിനിയോഗത്തിലൂടെ റൂളിൽ മുൻകാല പ്രാബല്യത്തോടെ മാററം വരുത്തി കോടതിവിധിയെ മറികടക്കാൻ എക്സിക്യൂട്ടീവ് സ്വീകരിച്ച നടപടിയും ഭരണഘടനാപരമായ അധികാരമുപയോഗിച്ച് പൊതു താൽപ്പര്യത്തിൻെറ അടിസ്ഥാനത്തിൽ ജനക്ഷേമകരമായ ലജിസ്ലേഷൻ പൂർവ്വകാലപ്രാബല്യത്തോടെ ഈ സഭ പാസ്സാക്കുന്ന നടപടിയും തികച്ചും വ്യത്യസ്ഥമാണ്. ഡെലിഗേററഡ് ലജിസ്ലേഷൻ വഴി ലഭിച്ച അധികാരമുപയോഗിച്ച് റൂളിന് പൂർവ്വകാലപ്രാബല്യം കൊടുത്ത എക്സിക്യൂട്ടീവിൻെറ നടപടിയെ സംബന്ധിച്ചുണ്ടായ വിധിയിൽ പ്രയോഗിച്ച 'ലജിസ്ലേഷൻ' എന്ന പദത്തെ ഈ സഭ നിർമ്മിക്കുന്ന 'ലജിസ്ലേഷൻ' എന്ന് വ്യാഖ്യാനിക്കുന്നപക്ഷം ഈ കേസിൻെറ വെളിച്ചത്തിൽ നിയമ നിർമ്മാണ സഭകൾക്ക് പൊതു താല്പര്യത്തെ മുൻനിർത്തി സാമൂഹ്യ നൻമയ്ക്കുതകുന്ന നിയമനിർമ്മാണംതന്നെ നടത്തുവാൻ സാദ്ധ്യമല്ലാതെ വരും. അതോടുകൂടി നിയമനിർമ്മാണ സഭകളുടേയും നിയമനിർമ്മാണത്തിൻെറയും ജീവനും ആത്മാവും ഓജസ്സും ചലനാത്മകത്വവും നഷ്ടമാവുകയും ചെയ്യും. ഇത് ഒരു സ്തംഭനത്തിലേക്ക് നയിക്കും. ഭരണഘടനാ ഭേദഗതികളിൽ പലതിൻെറയും പ്രത്യേകിച്ച് ആർട്ടിക്കിൾ 31–ൻെറ ഭേദഗതികളെ സംബന്ധിക്കുന്ന ചരിത്രം പരിശോധിക്കുന്നപക്ഷം മിക്ക ഭേദഗതിയും കോടതിവിധിയെ മറികടന്ന് പൊതുതാല്പര്യത്തിൻെറ പേരിൽ ജനക്ഷേമകരമായ നിയമനിർമ്മാണം നടത്താൻ സഹായിക്കുന്നതിനു വേണ്ടി കൊണ്ടുവന്നതായിരുന്നു എന്നു കാണാൻ കഴിയും. കോടതി വിധിയെ ദുർബലപ്പെടുത്താതെ ഭരണഘടന ഭേദഗതി ചെയ്യരുതെന്ന അഭിപ്രായം സുപ്രീം കോടതി ഒരുകാലത്തും ഉയർത്തിപ്പിടിച്ചതായി കാണുന്നില്ല. അതുകൊണ്ട് നിയമനിർമ്മാണസഭകൾ അവയ്ക്ക് ഭരണഘടനാദത്തമായ അധികാരാവകാശങ്ങൾ വിനിയോഗിച്ചുകൊണ്ട് നിയമ നിർമ്മാണം നടത്തുന്നതിനെതിരായുള്ള വീക്ഷണമാണ് കേരള ഹൈക്കോടതിയുടെ പ്രസക്ത വിധിയെന്ന് കരുതാൻ സാദ്ധ്യമല്ല. കൂടാതെ ഈ വാദഗതിയംഗീകരിക്കുന്നപക്ഷം നിയമനിർമ്മാണസഭകൾ നിയമം നിർമ്മിക്കുക, കോടതികൾ നിയമവ്യാഖ്യാനം നടത്തുക, എക്സിക്യൂട്ടീവ് ഭരണാധികാരം നിർവ്വഹിക്കുക എന്ന ഭരണഘടനയുടെ ബേസിക് സ്ട്രക്ചറിനെത്തന്നെ അത് ശിഥിലമാക്കുകയും ചെയ്യും. ഇത് ഭരണഘടനാ തത്വങ്ങൾക്കോ സുപ്രീം കോടതിവിധിക്കോ അനുരൂപവുമല്ല. ആയതിനാൽ കോടതി വിധിയെ അപ്പീലിൽ ദുർബലമാക്കാതെ അതിനെ മറികടക്കാൻ ഈ സഭയ്ക്ക് നിയമനിർമ്മാണം നടത്തുവാൻ അധികാരമില്ല എന്ന വാദഗതിക്ക് നിലനിൽപ്പില്ല.

സുപ്രീം കോടതിവിധിയുടെ വെളിച്ചത്തിൽ ഭരണഘടനയുടെ ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്യുകയാണ് വേണ്ടതെന്ന ഒരു വാദവും ഇവിടെ ഉന്നയിക്കപ്പെട്ടു. ഇപ്പോഴുണ്ടായിട്ടുള്ള തടസ്സം മാററി കിട്ടുന്നതിനുള്ള ഒരു മാർഗ്ഗം അതാണെന്നത് ശരിതന്നെ. പക്ഷേ അതനുസരിച്ച് പ്രവർത്തിക്കുന്നപക്ഷം ഭരണഘടനാഭേദഗതിക്കുവേണ്ടി ശ്രമിച്ച് അത് സാക്ഷാത്കരിക്കുന്നതിനിടയിലുള്ള കാലഘട്ടത്തിൽ നിലവിലുള്ള സംവരണം തുടർന്ന് നടപ്പാക്കാൻ സാദ്ധ്യമല്ലാതെ വരികയും അത്

പൊതു താല്പര്യത്തിന് ആഘാതമായിത്തീരുകയും ഭരണഘടന നിലവിൽ വരുന്നതിന് ചിരകാലം മുൻപു മുതൽതന്നെ സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങൾ അനുഭവിച്ചുവന്നിരുന്ന ആനുകൂല്യം ഭരണഘടനയുടെ 16-ാം അനുച്ഛേദത്തിലെ (4)-ാം ഖണ്ഡത്തിലെ വ്യവസ്ഥകളുടെ വെളിച്ചത്തിൽ നിലനിർത്തേണ്ടത് പൊതുതാല്പര്യത്തിന്റെ കാഴ്ചപ്പാടിൽ ആവശ്യമാണെന്ന് തോന്നുകയും അതിനായി ഭരണഘടന ഭേദഗതി ചെയ്യുക ഈ സഭയ്ക്ക് അധികാരത്തിനതീതമായ ഒരു കാര്യമായതുകൊണ്ട് അതിന് കാത്തുനിൽക്കുന്നതിനുപകരം പ്രായോഗികമായ ഒരു സുവർണ്ണമാർഗ്ഗം ഈ സഭയുടെ അധികാരത്തിന് വഴങ്ങുന്ന നിയമനിർമ്മാണംവഴി നടത്തുകയാണ് നല്ലതെന്ന് തോന്നുന്നുവെങ്കിൽ ആ നിലയ്ക്കുള്ള ഒരു നിയമനിർമ്മാണം നടത്തുന്നതിന് ഈ സഭയ്ക്ക് അധികാരമുണ്ട്. അതിനെതിരായി ഉന്നയിച്ച തടസ്സവാദങ്ങൾ തള്ളുന്നു. മന്ത്രിക്ക് അടുത്ത പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## നിയമനിർമ്മാണകാര്യം—(തുടർച്ച)

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, അങ്ങയുടെ റൂളിംഗ് തീർച്ചയായും വളരെ വളരെ സ്വാഗതാർഹമായ ഒന്നാണ്. കേരള നിയമസഭയുടെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട റൂളിംഗ് ആണ്. ആ റൂളിംഗ് നൽകാൻ ശ്രീ. തേറമ്പിൽ രാമകൃഷ്ണന് ഭാഗ്യമുണ്ടായതിൽ ഞാൻ സന്തോഷിക്കുകയാണ്. അതുപോലെതന്നെ കേരള നിയമസഭയുടെ ചരിത്രത്തിൽ വളരെ സുപ്രധാനമായ ഒരു നിയമമാണ് ഇത്. ഈ ബിൽ അവതരിപ്പിക്കാൻ എനിക്കും ഭാഗ്യമുണ്ടായതിൽ ഞാൻ സന്തോഷിക്കുകയാണ്. ഇവിടെ സത്യങ്ങൾ മറച്ചുവയ്ക്കാൻ കഴിയുകയില്ല. ഈ ചരിത്ര സംഭവത്തിന് പിന്നിലുള്ളത് എന്താണ്? കേരളത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷമുള്ള പിന്നോക്ക സമുദായങ്ങൾ കാലാകാലങ്ങളായി, കഴിഞ്ഞ 60 വർഷക്കാലം അനുഭവിച്ചുകൊണ്ടിരുന്ന ഒരാനുകൂല്യം നഷ്ടപ്പെടുമെന്ന് കണ്ടമാത്രയിൽ അത് നഷ്ടപ്പെടാതെ അതിനെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ബിൽ കൊണ്ടുവരാൻ ഭാഗ്യമുണ്ടായി എന്നുള്ളതുകൊണ്ടാണ്. വേറെ ഒന്നും കൊണ്ടല്ല. ഇത് മുന്നോക്ക സമുദായങ്ങളെ സംബന്ധിച്ചിടത്തോളം മുന്നോക്ക സമുദായങ്ങളുടെ അവകാശങ്ങളെ ഒരുവിധത്തിലും ധ്വംസിക്കുന്നില്ല. മുന്നോക്ക സമുദായങ്ങളെ സംബന്ധിച്ച് എനിക്ക് ഒരു കേസ് ഉണ്ട്. മുന്നോക്ക സമുദായങ്ങളിലെ പാവപ്പെട്ട ആളുകൾക്ക് പരിരക്ഷ കൊടുക്കണം. ഇന്ത്യൻ ഭരണഘടനയിൽ അതിന് ആവശ്യമെങ്കിൽ മാററം വരുത്തണം. മുന്നോക്ക സമുദായങ്ങളിലെ പാവപ്പെട്ട, ഗതികെട്ട, ദരിദ്രരായ ആളുകൾക്ക് പരിരക്ഷ കൊടുക്കണം. പക്ഷേ, ഇത് വ്യത്യസ്തമാണ്. ഈ രാജ്യത്തെ പിന്നോക്ക വിഭാഗങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നത് ഞങ്ങളാരും തട്ടിപ്പറിക്കാൻ ആഗ്രഹിക്കുന്നില്ല. അവർ അനുഭവിച്ചുകൊണ്ടിരുന്ന ഒരാനുകൂല്യം ഒരു സുപ്രഭാതത്തിൽ എടുത്തുകളയുന്ന പരിതഃസ്ഥിതി വന്നപ്പോൾ അവരെ സംരക്ഷിക്കാൻ ആൻറണി ഗവൺമെൻറ് മുന്നോട്ടുവന്നു എങ്കിൽ ഞങ്ങൾ അഭിമാനത്തോടുകൂടി അതിനെ കാണുകയാണ്. കേരളത്തിൽ മലബാർ ഏരിയായിൽ 1921-മുതലും തിരുവിതാംകൂറിൽ 1935 മുതലും തിരു-കൊച്ചി സംയോജനത്തെത്തുടർന്ന് അക്കാലം മുതൽ സംവരണം നിലനിന്നതാണ്. ഞാൻ പറഞ്ഞതുപോലെ 60 വർഷമായിട്ട് ഇത് നിലനിൽക്കുകയാണ്. ഇവിടെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യം നമുക്കറിയാം. കേന്ദ്ര സർവ്വീസിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly